ഉത്തരം

(എ) ഉണ്ട്.

(ബി) ഭാരത ഭക്ഷ്യകാര്യകോർപ്പറേഷൻ മുഖേന പൊതുവിതരണത്തിനായി നല്ലയിനം അരി ലഭ്യമാക്കണമെന്ന് ഇതിനകം പല പ്രാവശ്യം വിവിധ തലങ്ങളിലായി ഭക്ഷ്യകാര്യകോർപ്പറേഷനോടും കേന്ദ്ര ഗവൺമെൻറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി നേരിട്ടു തന്നെ ഈ പ്രശ്നം ഒരു അർദ്ധഔദ്യോഗികരീതിയിലൂടെ കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രി ശ്രീ. എസ്. എസ്. ബർണാലയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 24.8.1978-ൽ മദ്രാസിൽവച്ചു കൂടിയ ദക്ഷിണമേഖലാ സമിതിയിലും അദ്ദേഹം ഇക്കാര്യം ഉന്നയിക്കുകയുണ്ടായി. അതിനുശേഷം അദ്ദേഹംതന്നെ ഈ കാര്യത്തിൻമേൽ പ്രധാനമന്ത്രിക്ക് ഒരു കത്ത് അയക്കുകയുണ്ടായി. കൂടാതെ ഭക്ഷ്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ഈ പ്രശ്നത്തിൻമേൽ ഭക്ഷ്യകാര്യകോർപ്പറേഷനിലേയും കേന്ദ്രഭക്ഷ്യകാര്യാലയത്തിലേയും ഉദ്യോഗസ്ഥൻമാരുമായി പലപ്പോഴും ബന്ധം പുലർത്തിയിട്ടുണ്ട്. അദ്ദേഹം 6.11.1978-ൽ കേന്ദ്ര ഭക്ഷ്യവകുപ്പു സെക്രട്ടറിയുമായി ഡൽഹിയിൽവച്ച് ചർച്ച നടത്തുകയുണ്ടായി. ഞാൻ ഡൽഹിയിൽ പോയപ്പോഴും കേന്ദ്ര കൃഷി-ജലസേചന വകുപ്പു മന്ത്രിയുമായും സഹമന്ത്രി ശ്രീ. റാവു പ്രതാപസിംഗുമായും 24.11.1978-ൽ ചർച്ചകൾ നടത്തുകയുണ്ടായി.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

II. ചരമോപചാരം

ശ്രീ. ടി. കെ. തേവൻ, ശ്രീ. ടി. കെ. നാരായണപിള്ള, ശ്രീ. പോൾ മാമ്പിള്ളി, ശ്രീ. വി. കെ. അച്യുതമേനോൻ, ശ്രീ. ബി. ബി. പണ്ടാരത്തിൽ എന്നിവരുടെ നിര്യാണം സംബന്ധിച്ച്:

മി. സ്പീക്കർ: ശ്രീമൂലം പ്രജാ സഭയിൽ അംഗമായിരുന്ന ശ്രീ. ടി. കെ. തേവൻ, തിരുവിതാംകൂർ നിയമസഭയിൽ അംഗമായിരുന്ന നെയ്യാറിൻകര ശ്രീ. ടി. കെ. നാരായണപിള്ള, കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്ന ശ്രീ. പോൾ മാമ്പിള്ളി, തിരു-കൊച്ചി നിയമസഭയിൽ അംഗങ്ങളായിരുന്ന ശ്രീ. വി. കെ. അച്യുതമേനോൻ, ശ്രീ. ബി. ബി. പണ്ടാരത്തിൽ എന്നിവർ നിർവ്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

9.30 A.M.]

ഹരിജനങ്ങളുടെയും അധഃസ്ഥിതസമുദായങ്ങളുടെയും ഉന്നമനത്തിനുവേണ്ടി ജീവിതകാലം മുഴുവൻ നിസ്വാർത്ഥമായ സേവനം നടത്തിയ ഒരു ഹരിജന നേതാവായിരുന്നു ശ്രീ. ടി. കെ. തേവൻ. ഹരിജനോദ്ധാരണ രംഗത്ത് നിത്യ സ്മരണീയനായ ശ്രീ. അയ്യങ്കാളിയോടൊത്ത് സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസസ്വാതന്ത്ര്യം മുതലായവ നേടിയെടുക്കുന്നതിനുവേണ്ടി അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങളും അനുഭവിക്കേണ്ടിവന്ന യാതനകളും ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റുവരിച്ച ശ്രീ. തേവൻ, മഹാത്മാഗാന്ധി, ടി. കെ. മാധവൻ, കെ. പി. കേശവമേനോൻ മുതലായ അനേകം മഹത്വ്യക്തികളുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു.

നെയ്യാറിൻകര ശ്രീ. ടി. കെ. നാരായണപിള്ള സ്വാതന്ത്ര്യസമരകാലത്ത് യശഃശരീരരായ പട്ടംതാണുപിള്ള, സി. കേശവൻ, ടി. എം. വർഗ്ഗീസ് തുടങ്ങിയ സമുന്നത നേതാക്കളോടൊപ്പം തിരുവിതാംകൂർ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് കോൺഗ്രസ്സിലൂടെയാണ് രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്നത്. സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പടയാളികളിൽ ഒരാളായിരുന്ന അദ്ദേഹം കോൺഗ്രസ് പ്രസ്ഥാനത്തിൽ ദീർഘകാലം ഉൗർജസ്വലനായി പ്രവർത്തിച്ചിരുന്നു. കഴിവുറ്റ നിയമസഭാസാമാജികൻ, അതി പ്രഗൽഭനായ അഭിഭാഷകൻ, പണ്ഡിതനായ അദ്ധ്യാപകൻ എന്നീ നിലകളിൽ അദ്ദേഹം പ്രശസ്തി നേടിയിരുന്നു.

ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്ന് കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. പോൾ മാമ്പിള്ളി പ്രസിദ്ധനായ ഒരു സാമൂഹ്യ പ്രവർത്തകനായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം ഞാറയ്ക്കൽ പഞ്ചായത്ത് പ്രസിഡൻറ്, പഞ്ചായത്ത് ജഡ്ജി എന്നീ നിലകളിൽ നാടിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ പുരോഗതിക്കുവേണ്ടി വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്.

കൊച്ചിയിൽ പ്രജാമണ്ഡലത്തിന്റെ രൂപവൽക്കരണത്തിനു സജീവമായ പങ്കു വഹിച്ചിട്ടുള്ള ശ്രീ. വി. കെ. അച്ചുതമേനോൻ 1948-ൽ ദേശമംഗലത്തുനിന്ന് കൊച്ചി നിയമസഭയിലേക്കും 1954-ൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽനിന്ന് തിരു-കൊച്ചി നിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു മുന്നണി പടയാളിയായിരുന്നു ശ്രീ. മേനോൻ. സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത അദ്ദേഹത്തിനു കുറേക്കാലം ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ കൊട്ടാരക്കര അസംബ്ലി നിയോജകമണ്ഡലത്തിൽനിന്ന് 1954-ൽ ആർ. എസ്. പി. ടിക്കറ്റിൽ തിരു-കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ബി. ബി. പണ്ഡാരത്തിൽ വളരെക്കാലം തോന്നല്ലൂർ പഞ്ചായത്ത് പ്രസിഡൻറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഒരു സജീവ ട്രേഡ് യൂണിയൻ പ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. പന്തളം ഷുഗർ മിൽ വർക്കേഴ്സ് യൂണിയൻ, ദേവസ്വം എംപ്ലോയീസ് യൂണിയൻ, ഇറിഗേഷൻ വർക്കേഴ്സ് യൂണിയൻ തുടങ്ങി നിരവധി തൊഴിലാളി സംഘടനകളുമായി അദ്ദേഹത്തിന് അടുത്ത ബന്ധം ഉണ്ടായിരുന്നു. റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകനായിരുന്ന ശ്രീ. പണ്ഡാരത്തിൽ വിവിധ നിലകളിൽ ആ പാർട്ടിയെ സേവിച്ചിട്ടുണ്ട്.

ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിച്ച് നമ്മുടെ നാടിനെ കൂടുതൽ സമ്പന്നമാക്കിയ ഈ മഹത്വ്യക്തികളുടെ വിയോഗത്തിൽ ഈ സഭയ്ക്കുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതിനായി നമുക്ക് അല്പം സമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അൽപ്പ നിമിഷം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly